"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം വിരാലി വിമലഹൃദയ എൽ.പി.എസ്.-ലെ എൽ.പി.എസ്.എ. ആയ സിസ്റ്റർ സിമി അലോഷ്യസ് ഫയൽ ചെയ്ത റിട്ട് ഹർജി 16021/2025 കേസിലെ 11.04.2025 തീയതിയലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5742/2025/GEDN തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:- 1. റിട്ട് ഹർജി 16021/2025 കേസിലെ 11.04.2025 തീയതിയലെ വിധിന്യായം.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/07/2025-ലെ എഫ്1/12097/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വിരാലി വിമലഹൃദയ എൽ.പി.എസ്.-ലെ എൽ.പി.എസ്.എ. ആയ സിസ്റ്റർ സിമി അലോഷ്യസ് ഫയൽ ചെയ്ത റിട്ട് ഹർജി 16021/2025 കേസിലെ 11.04.2025 തീയതിയലെ വിധിന്യായം സദയം കണ്ടാലും. പ്രസ്തുത വിധന്യായത്തിൽ എക്സിബിറ്റ് പി4 റിവിഷൻ ഹർജി, 12.01.2010-ലെ G.O.(P)10/10/G.Edn ഉത്തരവ് കൂടി കണക്കിലെടുത്ത് പരിശോധിക്കുവാൻ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബന്ധപ്പെട്ട മറ്റു കക്ഷികൾ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

2. <u>ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്.</u>

ഹർജിക്കാരി LPSA-ൽ 01/06/2007 മുതൽ അഡിഷണൽ പോസ്റ്റ് ഒഴിവിലേക്ക് നിയമിപ്പിക്കപ്പെട്ടു. എന്നാൽ ടി നിയമനം 01/06/2011 മുതൽ മാത്രമാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത്. 01/06/2007 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ചില്ല. G.O.(P)10/10 പ്രകാരം മാനേജർ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിച്ചുകൊള്ളാം എന്നു സമ്മതിച്ചു നോട്ടോറൈസ്ഡ് അണ്ടർടേക്കിങ് നല്കാത്തതിനാലാണ് നിയമനം അംഗീകരിക്കാതിരുന്നത്.

ഹർജിക്കാരിയുടെ നിയമനത്തിനുള്ള അംഗീകാരം നിരസ്സിച്ചതിന്റെ പ്രധാന കാരണം 17.8.2005-ലെ G.O.(P)No.317/2005/G.Edn പ്രകാരമുള്ള സർക്കാർ ഉത്തരവിൽ അധിക ഡിവിഷൻ ഒഴിവുകളിൽ അധ്യാപകരുടെയും അനധ്യാപക ജീവനക്കാരുടെയും നിയമനം നിരോധിച്ചു. പിന്നീട്, G.O.(P) No.10/10/G.Edn dated 12.01.2010, ചില നിബന്ധനകൾക്ക് വിധേയമായി നിയമന നിരോധനം നീക്കി. 12.01.2010 ലെ ജി.ഒ.(പി)10/2010 പ്രകാരം

ആവശ്യപ്പെടുന്ന ബോണ്ട് അഥവാ നോട്ടറൈസ്ഡ് കൺസെന്റ് മാനേജർ നൽകിയില്ല എന്നുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് judgement dated 26/07/2017 in WA No. 592/2015 പ്രകാരം മാനേജർ ബോണ്ട് നൽകിയിട്ടില്ല എങ്കിലും ആയതു നൽകിയതായി പരിഗണിച്ച് അധ്യാപകരുടെ നിയമനം അംഗീകരിക്കാൻ ഉത്തരവ് ആയിട്ടുള്ളതാണ്. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചുവരുന്നതാണ്. ബഹുമാനപെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റ വിധി പകർപ്പ് ഇതോടൊപ്പം Annexure-A ആയി ഹാജാരാക്കുന്നതാണ്.

ടി വിധിയിൽ പരാമർച്ചിട്ടുള്ളപോലെയുള്ള ബോണ്ട് ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ കെട്ടിവെക്കാത്തതിനാലാണ് എനിക്ക് 01/06/2007 മുതൽ 01/06/2011 വരെയുള്ള നിയമനം അംഗീകരിക്കാതെ പോയത്. മേൽപ്പറഞ്ഞ 2010-2011 കാലയളവിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് കോർപ്പറേറ്റ് മാനേജരുടെ ബോണ്ട് നോക്കേണ്ട ആവശ്യകത ഇല്ലെന്ന് മേൽ ഹൈക്കോടതി ഉത്തരവുകളിലൂടെ വ്യക്തമാണ്. കൂടാതെ സർക്കാർ നിലപാട് പ്രകാരം, പുതുതായി തുറന്ന സ്കൂളിൽ, ഒഴിവുകൾ പ്രൊട്ടക്റ്റഡ് അധ്യാപകനെ നിയമിക്കണം, എന്നാൽ മാനേജർ അതു ചെയ്തിരുന്നില്ല; എന്നാൽ കോടതി ഉത്തരവുകളും നിയമങ്ങളും പരിശോധിച്ചതിനുശേഷം, ബഹുമാനപ്പെട്ട കേരള ഹൈകോടതി judgement dated 04/08/2011 in WP No.28577/2008 പ്രകാരം ഒരു യോഗ്യ അധ്യാപകനെ നിയമിച്ചാൽ, പ്രൊട്ടക്റ്റഡ് അധ്യാപകൻ നിയമിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ അംഗീകാരം നീട്ടിവയ്ക്കാൻ കഴിയില്ലെന്ന് കണ്ടെത്തി, അതിനാൽ പെറ്റീഷനർമാരുടെ നിയമനം ആദ്യ നിയമനദിവസങ്ങളിൽ നിന്ന് അംഗീകരിക്കണമെന്ന് വിധിച്ചു. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

6. കെ.ഇ.ആർ.ന്റെ ചാപ്റ്റർ XIV-A യുടെ R.7 അനുസരിച്ച്, "as soon as a teacher is appointed in a subject, the Manager shall immediately issue an appointment order to the teacher (in Form 27) and the appointment shall be effective from the date on which the teacher is admitted to duty, provided the appointment is duly approved." അംഗീകാരത്തെ സംബന്ധിച്ചിടത്തോളം, സാധാരണഗതിയിൽ, അത് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ പ്രകാരമുള്ള ഒഴിവുകളുടെ നിലനിൽപ്പിനും തസ്തികയുടെ അനുമതിക്കും യോഗ്യത പൂർത്തീകരിച്ച് അധ്യാപക നിയമനത്തിനുള്ള യോഗ്യതയ്ക്കും അനുസൃതമായിരിക്കണം. ഈ വ്യവസ്ഥകൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ, അംഗീകാരം നൽകുന്നതിന് മറ്റെന്തെങ്കിലും നിയമപരമായ തടസ്സമില്ലെങ്കിൽ, സാധാരണഗതിയിൽ അംഗീകാരം നൽകാൻ വിസമ്മതിക്കാനാവില്ല.

7. സംരക്ഷിത അധ്യാപകരുടെ പട്ടിക മാനേജ്മെന്റിനെ അറിയിക്കേണ്ടത് വിദ്യാഭ്യാസ അതോറിറ്റിയുടെ കടമയാണ്. 19/11/2009 മുതൽ പ്രാബല്യത്തിൽ വന്ന സർക്കുലറിന് അനുസൃതമായി, സംരക്ഷിത അധ്യാപകരുടെ ലിസ്റ്റ് സുരക്ഷിതമാക്കാനും ഒരു പ്രൊട്ടക്റ്റഡ് ഹാൻഡ് നിയമനത്തിന് മുമ്പ് മറ്റ് നിയമനങ്ങൾ ഉണ്ടാവില്ല. അതിനാൽ, 19/11/2009 സർക്കുലറിന് മുതൽ മാത്രമേ പ്രാബല്യമുണ്ടാകൂ, എന്നത് നിലവിൽ നിയമപരമായ ഒരു നിലപാടാണ്. അതിനാൽ, സംരക്ഷിത അധ്യാപകരുടെ ഒരു ലിസ്റ്റ് നൽകാനും സംരക്ഷിത അധ്യാപകരുടെ നിയമനം നൽകാനും വിദ്യാഭ്യാസ അതോറിറ്റി ആവശ്യപ്പെടുന്നതിന് സ്കൂൾ മാനേജരുടെ മേൽ ഒരു ചുമതലയും ഉണ്ടായിരിക്കില്ല. (G.O.No.38929/09/G.Edn. dated 19/11/2009 which clarifies G.O.No.46/06/G.Edn. dated 01/02/2006).

ആയതിനാൽ സമക്ഷത്തെ ദയവുണ്ടായി ടി ഹൈക്കോടതിയുടെ വിധികളുടെ വെളിച്ചത്തിൽ ഹർജിക്കാരന്റെ 01/06/2007 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ

നിയമനം അംഗീകരിക്കാൻ നിർദേശിച്ച ഉത്തരവാകണം എന്നു താഴ്മയായി അപേക്ഷിക്കുന്നു.

3. <u>വിമലഹൃദയ എൽ.പി.എസ്.-ലെ മാനേജരുടെ വാദങ്ങൾ ചുവടെപ്പറയും പ്രകാരമാണ്</u>.

1. 2007-08 വർഷം കുട്ടികൾ കൂടുതലായി വന്നുചേർന്നതിനാൽ അധിക ഡിവിഷൻ അനുവദിച്ച് കിട്ടുകയെന്നുള്ളത് ഒരു സാധാരണ നടപടിക്രമമാണ്. അധികമായി വന്നുചേർന്ന കുട്ടികളെ പഠിപ്പിക്കുന്നതിന് റൂൾ പ്രകാരമുള്ള അധ്യാപകർ ഇല്ലാതിരുന്നതിനാൽ രക്ഷകർത്താക്കൾക്ക് അമർഷവും തന്മൂലം സ്കൂളിന്റെ സൽപേരിനെ ബാധിക്കുമെന്നതും കണക്കിലെടുത്ത് 01/06/2007 മുതൽ എൽ.പി.എസ്.റ്റി ആയി സിസ്റ്റർ സിമി അലോഷ്യസിനെ മാനേജർ നിയമിക്കുകയുണ്ടായി. (Ext.D1).
2. 11/06/2001-ലെ സ.ഉ.(പി)നം.317/01/ധന വകുപ്പ് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ പാടില്ലെന്ന് ഉത്തരവ് ഉണ്ടായിരുന്നുവെന്നത് വാസ്തവമാണ്. 12/01/2010 ൽ സ.ഉ.(പി)നം.10/10/പൊ.വി.വ ഉത്തരവിൽ 2007-08 മുതൽ 2009-10 വരെയുള്ള കാലയളവിൽ അനുവദനീയമായ അധിക തസ്തികകൾ അനുവദിക്കുന്നതിന് ഉത്തരവായി. അതിൻപ്രകാരം 20/08/2010 ൽ നം.എഫ്/3264/10 പ്രകാരം പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫിക്സേഷൻ ഉത്തരവ് പുതുക്കി നൽകി. അതിൻപ്രകാരം 2007-2008 (Ext.D2) ഒരു അധിക തസ്തിക അനുവദിച്ചുകിട്ടി. ടി തസ്തികയിലാണ് സിസ്റ്റർ സിമി അലോഷ്യസിനെ നിയമിച്ചിട്ടുള്ളത്. ആയതിനാൽ ടിയാളെ നിയമിച്ചത് അനുവദനീയമായ തസ്തികയിലാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കത്തിന് ഇടയില്ല.
3. അംഗീകാരം ഇല്ലാതെ സ്കൂളിൽ ജോലിചെയ്തു വന്നവരെ 2011-2012 അക്കാഡമിക് വർഷത്തിൽ അംഗീകാരം കൊടുക്കുന്നതിന് 01/10/2011 ൽ സ.ഉ.(പി)നം.199/2011/പൊ.വി.വ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സിസ്റ്റർ സിമി അലോഷ്യസ്-ന്റെ നിയമനം 01/06/2011 മുതൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

4. 2006-2007 മുതൽ 2009-2010 വരെയുള്ള അധിക തസ്തികകളിൽ നിയമിതരായവരുടെ നിയമനം അംഗീകരിക്കുന്നതിന് 12/01/2010 ലെ റൂൾ V ൽ മാനേജർ നിർദ്ദിഷ്ട സമ്മതപത്രം സമർപ്പിച്ചാൽ അംഗീകാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ 10/10 ഉത്തരവിലെ ടി വ്യവസ്ഥയെ ചോദ്യം ചെയ്തു മാനേജർമാരുടെ സംഘടന, കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. അതിന്മേൽ ഉണ്ടാകുന്ന വിധിപ്രകാരം ചെയ്യാമെന്ന് മാനേജർ തീരുമാനിച്ചു. എന്നാൽ അത് സംബന്ധിച്ചുള്ള കേസ്സ് ഇപ്പോഴും സുപ്രീം കോടതിയുടെ പരിഗണനയിലാണ്.
5. 2006-2007 മുതൽ 2009-2010 വരെ അധിക തസ്തികയിൽ നിയമനം കിട്ടുകയും എന്നാൽ മാനേജർ ബോണ്ട് വെയ്ക്കാത്തതിനാൽ അംഗീകാരം കിട്ടാതെ വന്ന അധ്യാപകർ ഒറ്റയ്ക്കും കൂട്ടായും കേസ് ഫയൽ ചെയ്തതിൽ എല്ലാവർക്കും അനുകൂല ഉത്തരവാണുണ്ടായത്.
6. W.A. No.1931/2018 കേസിൽ ഡിവിഷൻ ബഞ്ച് 09/08/2019 ൽ പുറപ്പെടുവിച്ച വിധിയിൽ:

"The Managers did not execute such bond. The teachers approached this Court with writ petitions and that Court directed the appointments to be approved but did not in the undersigned. Judgement, direct it managers to executive the bond nor was a directions issued that appointments should be made deeming the bond to have been executed."
ടി വിധിയിൽ മറ്റൊരു കോടതി വിധി ഉദ്ധരിച്ചിട്ടുള്ളതിൽ :

"A Division Bench of this Court in state of Kerala and other V.S. Suma Devi and others (W.A.No.2111/2015) found that even in the case of non-execution of bond by the managers it should be deemed to have been executed and they would be obliged to make equal number of appointments when the appointments to additional vacancies during the ban period are approved (Ext. D3)."

സിസ്റ്റർ സിമി അലോഷ്യസിനെ നിയമിച്ചത് അനുവദനീയമല്ലാത്ത തസ്തികയിലാണെന്നോ, ടിയാൾ യു.പി.എസ്.റ്റി നിയമനത്തിന് അയോഗ്യയാണെന്നോ ആക്ഷേപമില്ല. 12/01/2010-ലെ സ.ഉ.(പി)നം.10/10 ഉത്തരവ് പ്രകാരമുള്ള ബോണ്ട് വെച്ചില്ലായെന്ന ന്യൂനതയാണുള്ളത്. ബോണ്ട് വെച്ചില്ലെങ്കിൽ ബോണ്ട് വെച്ചതായി കണക്കാക്കി നിയമന നിരോധിത കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതാണെന്ന് ബഹു:ഹൈക്കോടതി വിധിച്ചുകഴിഞ്ഞ സ്ഥിതിക്ക് ബോണ്ടിന്റെ പ്രശ്നം നിലനിൽക്കുന്നില്ല.

ആയതിനാൽ സിസ്റ്റർ സിമി അലോഷ്യസിന്റെ എൽ.പി.എസ്.റ്റി ആയി 01/06/2007 മുതൽ 31/05/2011 വരെയുള്ള നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കേണ്ടതാണ്. സിസ്റ്റർ സിമി അലോഷ്യസ് ഫയൽ ചെയ്തിട്ടുള്ള W.P.No.16021/2025 കേസ്സിൽ 11/04/2025 ൽ ഉണ്ടായ വിധിയിലെ ക്രമനമ്പർ (9) ൽ :

"In view of the above, I am of the considered opinion that the petition's application can be considered on the basis of the deem bond" എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

06/02/2021 ലെ സ.ഉ.(അച്ചടി)നം.4/2021/പൊ.വി.വ ഉത്തരവിലെ (6) ൽ "12/01/20210 ലെ സ.ഉ.(പി)നം.10/10 ഉത്തരവിലെ (5) (6) വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസ്സുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്റെ വിധിയ്ക്ക് വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവരുടെ നിയമനം അംഗീകരിക്കാവുന്നതാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മാനേജർ ഹാജരാക്കുന്ന Ext.D3 വിധിന്യായത്തിന്റേയും 06.02.2021 ലെ സ.ഉ.നം.14/2021 ഉത്തരവിന്റേയും അടിസ്ഥാനത്തിൽ സിസ്റ്റർ സിമി അലോഷ്യസിന്റെ എൽ.പി.എസ്.റ്റി ആയിട്ടുള്ള 01/06/2007 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനം ബോണ്ട് വെച്ചതായി കണക്കാക്കി അംഗീകാരം തരണമെന്ന് അപേക്ഷിക്കുന്നു.

4. <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.</u>

പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന വിമല ഹൃദയ എൽ.പി.എസ്. വിരാലിയിൽ സിസ്റ്റർ സിമി അലോഷ്യസ് -നെ മാനേജർ എൽ.പി.എസ്.എ. ആയി 01/06/2007 മുതൽ അഡീഷണൽ തസ്തികയിൽ നിയമിച്ചു. എന്നാൽ ടി നിയമനം പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 2007-08 യിൽ G.O.(P)No.317/05 G.Edn. dated 17/08/2005 പ്രകാരം തസ്തിക നിർണയിച്ച ഉത്തരവിൽ അധിക തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിക്കുകയുണ്ടായി.

വിമല ഹൃദയ എൽ.പി.എസ്. വിരാലിയിൽ 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ ഓരോ അധിക തസ്തിക വീതം ലഭിക്കുകയും ആയതു പിന്നെ G.O.(P)No.10/10/G.Edn Dated 12/01/2010 അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ തസ്തിക

പുനർ നിർണയിച്ച അംഗീകാരം നൽകിയിരുന്നു. ടി അധിക തസ്തികകളിൽ 2006-07, 2007-08, 2008-09 വരെ മാനേജർ 3 നിയമനങ്ങൾ നടത്തിയിരുന്നു. ആയതിൽ സിസ്റ്റർ സിമി അലോഷ്യസ് രണ്ടാമത്തെ ആൾ ആണ്.

സിസ്റ്റർ സിമി അലോഷ്യസ് 01/06/2011 മുതൽ G.O.(P)No.199/2011/G.Edn. dated 01/10/2011 പ്രകാരം തുടർച്ചയായ നിയമനാംഗീകാരം ലഭിച്ച സേവനത്തിൽ തുടർന്ന് വരികയാണ്. ടി സ്കൂളിലെ അറ്റൻഡൻസ് രജിസ്റ്റർ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ് എന്നിവ (2007-08) പരിശോധിച്ചതിൽ നിന്നും ടി കാലയളവിൽ ടിയാൾ ഈ സ്കൂളിൽ സേവനം അനുഷ്ഠിച്ചതായി കാണുന്നു. സിസ്റ്റർ സിമി അലോഷ്യസ് നെ നിലനിർത്തുവാൻ 2007-08 ലെ തസ്തിക നിർണയ ഉത്തരവ് പ്രകാരം ആവശ്യമായ തസ്തിക നിലവിലുണ്ട്.

5. സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദങ്ങൾ, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ 01/06/2007 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

6. സിസ്റ്റർ സിമി അലോഷ്യസിനെ നിലനിർത്തുവാൻ 2007-08 ലെ തസ്തിക നിർണയ ഉത്തരവ് പ്രകാരം ആവശ്യമായ തസ്തിക നിലവിലുണ്ട് എന്നും സ്കൂളിലെ അറ്റൻഡൻസ് രജിസ്റ്റർ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ് എന്നിവ (2007-08) പരിശോധിച്ചതിൽ നിന്നും ടി കാലയളവിൽ ടിയാൾ ഈ സ്കൂളിൽ സേവനം അനുഷ്ഠിച്ചതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 06/02/2021 ലെ സ.ഉ.(അച്ചടി)നം.4/2021/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക (6) ൽ 12/01/20210 ലെ സ.ഉ.(പി)നം.10/10 ഉത്തരവിലെ (5) (6) വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസ്സുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്റെ വിധിയ്ക്ക് വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവരുടെ നിയമനം അംഗീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ സിസ്റ്റർ സിമി അലോഷ്യസിന്റെ 01/06/2007 മുതൽ 31/05/2011 വരെയുള്ള എൽ.പി.എസ്.എ. നിയമനം 12/01/2010 ലെ സ.ഉ.(പി)നം.10/10 ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിലവിലുള്ള കേസിന്റെ അന്തിമ വിധിക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാൻ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽപ്രകാരം തിരുവനന്തപുരം വിരാലി വിമലഹൃദയ എൽ.പി.എസ്.-ലെ എൽ.പി.എസ്.എ. ആയ സിസ്റ്റർ സിമി അലോഷ്യസ് ഫയൽ ചെയ്ത റിട്ട് ഹർജി 16021/2025 കേസിലെ 11.04.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)

സിസ്റ്റർ സിമി അലോഷ്യസ്, എൽ.പി.എസ്.എ., വിമല ഹൃദയ എൽ.പി.എസ്. വിരാലി, ഉച്ചക്കട പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം-695 506.

മാനേജർ, വിമലഹൃദയ എൽ.പി.എസ്. വിരാലി, ഉച്ചക്കട പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം-695 506.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാറശ്ശാല, തിരുവനന്തപുരം-695 502.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/106/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 08-09-2025 15:08:24

സെക്ഷൻ ഓഫീസർ